**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 659** **11-06-2024 - ൽ മറുപടിയ്ക്ക്**

**കെല്ലിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കാസർകോട് ഭെൽ ഏറ്റെടുത്തു കെൽ സ്ഥാപിതമായതിനുശേഷം അതിന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് എന്ത് തുകയാണ് സർക്കാർ വാഗ്ദാനം ചെയ്തതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തുക നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | 2022-ൽ ഭെൽ ഏറ്റെടുത്ത ശേഷം പുനരുദ്ധാരണത്തിന് വേണ്ടി സർക്കാർ 77.07 കോടി രൂപയാണ് വാഗ്ദാനം ചെയ്തത്. അതിൽ ഇതുവരെയായി 28.2 കോടി രൂപ നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏതെല്ലാം ആവശ്യങ്ങൾക്കാണ് തുക പ്രസ്തുത വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ; തുക വാഗ്ദാനം ചെയ്തത് ഏതെല്ലാം ആവശ്യങ്ങൾക്കു വേണ്ടിയായിരുന്നു എന്ന് അറിയിക്കാമോ; | (ബി) | ഫാക്ടറിയുടെ പുനരുദ്ധാരണം, പുതിയ ഉല്പന്നങ്ങളുടെ നിർമ്മാണം, ജീവനക്കാരുടെ ബാധ്യതകൾ, മറ്റു ബാധ്യതകൾ എന്നീ ആവശ്യങ്ങൾക്കായി അനുവദിച്ച തുക പ്രസ്തുത കാര്യങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്. |
| (സി) | കാസർകോട് കെല്ലിന്റെ ഇപ്പോഴത്തെ പ്രവർത്തനം തൃപ്തികരവും ലാഭകരവും ആണോ; വ്യക്തമാക്കാമോ; | (സി) | 4-5 വർഷത്തോളം പ്രവർത്തന-രഹിതമായതിന് ശേഷം പ്രവർത്തനം പുനരാരംഭിച്ച സാഹചര്യം മൂലം കെൽ ഇ. എം. എൽ. ലാഭകരമായ അവസ്ഥയിലേയ്ക്ക് ഇതുവരെയും എത്തിച്ചേർന്നിട്ടില്ല. നൂതന മാർക്കറ്റിംഗ് വിദ്യകളിലൂടെയും കൂടുതൽ ലാഭം കിട്ടുന്നതും താരതമ്യേന മത്സരം കുറവുള്ളതുമായ മേഖലകളെ കണ്ടെത്തി അവിടേയ്ക്ക് ആവശ്യമുള്ള ഉല്പന്നങ്ങൾ നിർമ്മിച്ച് പ്രവർത്തന ലാഭം കൈവരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ഡി) | ഇല്ലെങ്കിൽ മാറ്റമുണ്ടാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്താണെന്ന് വിശദമാക്കാമോ? | (ഡി) | നിലവിലെ സാഹചര്യം ഉപയോഗിച്ച് പുതിയ ഉല്പന്നങ്ങൾ ഉണ്ടാക്കാൻ ആവശ്യമായ സാങ്കേതിക വിദ്യയും മൂലധനവും കണ്ടെത്താനായി ഒരു കൺസൾട്ടന്റിനെ നിയമിക്കുവാൻ കമ്പനി സമർപ്പിച്ച നിർദ്ദേശം സർക്കാരിൽ പരിശോധിച്ചുവരുന്നു.<br>നേവിക്കും മറ്റ് മറൈൻ ആവശ്യക്കാർക്കും ആവശ്യമായ ജെനറേറ്റർ നിർമ്മിക്കാൻ ആരംഭിച്ചിട്ടുണ്ട്.<br>കൂടാതെ കയറ്റുമതി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കുന്നു. |

സെക്ഷൻ ഓഫീസർ